**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1538** **06.03.2017 ൽ മറുപടിയ്ക്ക്**

**മാവേലിക്കരയിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; | എ) സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനായി രൂപീകരിച്ച കേരഗ്രാമം പദ്ധതിയിലൂടെ സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് ലക്ഷ്യമിടുന്നത്. സംയോജിത തെങ്ങ് കൃഷി പരിപാലന മുറകളായ തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൽഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണോപാധികൾ, ഇടവിള കൃഷി രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറൊന്നിന് 25000/- രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. കൂടാതെ 2000 രൂപ സബ്സിഡി നിരക്കിൽ തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഹെക്ടറൊന്നിന് 25000/- രൂപ നിരക്കിൽ ആനുകൂല്യം, ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 10,000 രൂപ |

സബ്സിഡി, തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് ഒരു യൂണിറ്റിന് 50,000 രൂപ ധനസഹായം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും, ബോധവൽക്കരണത്തിനും സംഘാടന ചിലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000/- രൂപയും പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൂട്ടായ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് പഞ്ചായത്ത് തല കേരസമിതിക്കായി 10 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേര ഗ്രാമം പദ്ധതിക്കായി ആകെ 144.2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ബി എത്ര പഞ്ചായത്തുകളിൽ എത്ര ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

;

ബി ഒരു കേര ഗ്രാമത്തിന്റെ പദ്ധതി പ്രദേശം 500 ഹെക്ടറാണ്. മാവേലിക്കര മണ്ഡലത്തിൽ കേര ഗ്രാമം നടപ്പിലാക്കുന്ന പഞ്ചായത്തും വിസ്തൃതിയും ചുവടെ ചേർക്കുന്നു -

| | |
|---|---|
| തഴക്കര പഞ്ചായത്ത് | - 150 ഹെക്ടർ |
| തെക്കേക്കര പഞ്ചായത്ത് | -350 ഹെക്ടർ |
| ആകെ | - 500 ഹെക്ടർ |

S. [signature]

**സെക്ഷൻ ഓഫീസർ**